**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5337** **12-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബിയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ഓട്ടോമാറ്റിക് പേയ്മെന്റ് നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി-യിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ താഴെ വിവരിക്കുന്നു. 1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക്, സി.എസ്.ബി എന്നീ ബാങ്കുകൾ മുഖേന ഡയറക്റ്റ് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം. 2. ഫെഡറൽ ബാങ്ക്, ടെക് പ്രോസസ്സ് എന്നീ പേയ്മെന്റ് ഗേറ്റ് വേ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി ഓൺലൈൻ സംവിധാനം ബന്ധിപ്പിച്ചിട്ടുണ്ട്. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്താം. 3. ബി.ബി.പി.എസ് സംവിധാനത്തിലൂടെ എല്ലാ പേയ്മെന്റ് വെബ് സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം. 4. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവീസ് കണക്ഷനുവേണ്ടി ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും, മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും സെക്യൂരിറ്റി ഡെപ്പോസിറ്റും സർവീസ് കണക്ഷനുവേണ്ടി ചെലവും സ്ഥല പരിശോധനയ്ക്ക് ശേഷം ഇ-മെയിൽ വഴിയും, |

| | | | |
|---|---|---|---|
| | | | എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി - യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും, വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയത് മുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നത് വരെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 5. കെ.എസ്.ഇ.ബി എന്ന പേരിലുള്ള മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ഉപഭോക്താക്കൾക്ക് മൊബൈൽഫോൺ, ടാബ്ലെറ്റ് മുതലായ ഉപകരണങ്ങൾ വഴി ഏതു സമയത്തും വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന തരത്തിൽ അനായാസകരമായ രീതിയിലാണ് മൊബൈൽ ആപ്ലിക്കേഷൻ വൈദ്യുതി ബോർഡിലെ ജീവനക്കാർ വികസിപ്പിച്ചിരിക്കുന്നത്. ഗൂഗിൾ പ്ലേസ്റ്റോർ വഴി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 6. വൈദ്യുതിബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ടടയ്ക്കുന്നതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കുന്നതിനുള്ള അനായാസകരമായ ഈ പദ്ധതി നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻ.എ.സി.എച്ച്) സംവിധാനം വഴിയാണ് നടപ്പിലാക്കിയത്. എൻ.പി.സി.ഐ അഥവാ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് ഈ സംവിധാനം ഒരുക്കുന്നത്. കോർപ്പറേഷൻ ബാങ്ക് സ്പോൺസർ ബാങ്കായി പ്രവർത്തിക്കുന്നു. 7. ഫ്രണ്ട്സ്, അക്ഷയ ഇവ മുഖേനയും കെ.എസ്.ഇ.ബി വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും കൂടാതെ അപ്പാ സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവും കെ.എസ്.ഇ.ബി ലിമിറ്റഡുമായും വിനിമയ സമന്വയം സാദ്ധ്യമാക്കി, തൽഫലമായി അപ്പാ സി.എസ്.സി-യുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും കെ.എസ്.ഇ.ബി വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. |
| (ബി) | എത്ര ശതമാനം ഉപഭോക്താക്കളാണ് മൊബൈൽ ആപ്പുകൾ, ഇ-വാലറ്റുകൾ എന്നിവ വഴി പണമടയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ജൂലൈ മാസം മൊത്തം 31.85% (1808268) LT ഉപഭോക്താക്കൾ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നേരിട്ട് പണമടയ്ക്കാൻ കഴിയുന്ന സി.ഡി.എം സംവിധാനം കെ.എസ്.ഇ.ബി യുടെ ഏതെല്ലാം | (സി) | കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്; കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ? | | ഡിപ്പോസിറ്റ് മെഷീനുകൾ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഒരു കാഷ്യറുടെ സഹായമില്ലാതെ തന്നെ ഉപഭോക്താവിന് നേരിട്ട് തന്റെ കൺസ്യൂമർ നമ്പർ രേഖപ്പെടുത്തി ബിൽ തുക നോട്ടുകളായും ചില്ലറയായും നിക്ഷേപിക്കുവാൻ 24 മണിക്കൂറും സാധിക്കുന്ന സംവിധാനമാണിത്. ചെക്ക്, ഡി.ഡി ആയും ഇതിൽ പണമടയ്ക്കാം. ഡ്യൂപ്ലിക്കേറ്റ് ബില്ലുകളുടെ പ്രിന്റും ലഭ്യമാണ്. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ കസ്റ്റമർ കെയർ സെന്റർ, ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കന്റോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. കൂടുതൽ സി.ഡി.എമ്മുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ